**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 68** **01-02-2023 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റ് നിർവ്വഹിച്ചുവരുന്ന വിവിധ സർക്കാർ പ്രോജക്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ സർക്കാർ വകുപ്പുകളുടെ എത്ര പ്രോജക്ടുകളാണ് നിലവിൽ സി-ഡിറ്റ് ചെയ്തുവരുന്നത്; 2016-ന് ശേഷം എത്ര പ്രോജക്ടുകൾ സി-ഡിറ്റ് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | വിവിധ സർക്കാർ വകുപ്പുകളുടെ 365 പ്രോജക്ടുകളാണ് നിലവിൽ സി-ഡിറ്റ് ചെയ്തു വരുന്നത്. 2016 ന് ശേഷം പ്രോജക്ടുകൾ ഒന്നും ഔട്ട് സോഴ്സ് ചെയ്തിട്ടില്ല. |
| (ബി) | കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി, സി.എം.ഡി.ആർ.എഫ്., സി.എം.ഒ. പോർട്ടൽ എന്നീ പ്രോജക്ടുകൾ സി-ഡിറ്റ് ഔട്ട്സോഴ്സ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികൾക്കാണ് ഔട്ട്സോഴ്സ് ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഔട്ട് സോഴ്സ് ചെയ്തിട്ടില്ല. |
| (സി) | പത്ത് വർഷത്തിലേറെയായി സി-ഡിറ്റ് നിർവഹിച്ച് വരുന്ന എഫ്.എം.എസ്.എം.വി.ഡി. പ്രൊജക്ട് ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകാനുള്ള നീക്കം നടക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | എഫ്.എം.എസ് .എം.വി.ഡി. പ്രൊജക്ടിൽ ഈ സർക്കാരിന്റെ മിനിമം വേജസ് ഉത്തരവ് അനുസരിച്ചാണോ ശമ്പളം നൽകി വരുന്നത്; ഇവരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് ഏത് വർഷമാണ്; വിശദമാക്കുമോ? | (ഡി) | എഫ്.എം.എസ്. എം വി. ഡി പ്രൊജക്ടിൽ സി-ഡിറ്റും മോട്ടോർ വാഹന വകുപ്പുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ ഭാഗമായി തീരുമാനിക്കപ്പെട്ട പരമാവധി വേതന നിരക്കുകളെ അടിസ്ഥാനപ്പെടുത്തിയതും സി-ഡിറ്റും പ്രൊജക്ടിലെ താത്കാലിക ജീവനക്കാരുമായുള്ള കരാറിൽ നിജപ്പെടുത്തിയതുമായ വേതന നിരക്കുകളാണ് നൽകിവരുന്നത് . 2018 ൽ വേതന നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ